**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3093** **07.02.2018 ൽ മറുപടിയ്ക്ക്**

## മൂന്നാറിലെ കയ്യേറ്റക്കാർ

| **ചോദ്യം**<br>**ശ്രീ.എസ്.രാജേന്ദ്രൻ** | | **മറുപടി**<br>**ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
|---|---|---|
| (എ) | മൂന്നാറിലെ കയ്യേറ്റക്കാരെ സംബന്ധിച്ച പേരു വിവരം ലഭ്യമാക്കുമോ; | (എ) യും (ബി) യും മൂന്നാറിലെ സർക്കാർ ഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുള്ള പല കേസുകളിൽ ഭൂമി കൈയ്യേറ്റം ഒഴിപ്പിച്ചിട്ടുള്ളതും, മറ്റുപല കേസുകളിൽ ദേവികുളം സബ്കളക്ടറുടെയും, ദേവികുളം തഹസിൽദാരുടെയും നേതൃത്വത്തിൽ അന്വേഷണം നടന്നുവരുന്നതും, ടി ഭൂമി സംബന്ധിച്ച രേഖകൾ പരിശോധിച്ചുവരുന്നതുമാണ്. കൂടാതെ കയ്യേറിയതായി പ്രഥമദൃഷ്ട്യാ കണ്ടെത്തിയ കേസുകളിൽ കൈവശക്കാർക്ക് നോട്ടീസ് നൽകിയിട്ടുള്ളതും, ടിയാളുകൾ കൈവശം സാധൂകരിക്കുന്നതിനായി കോടതിയെ സമീപിച്ചിട്ടുള്ളതും ടി കേസുകൾ വിവിധ കോടതികളുടെ പരിഗണനയിലുമാണ്. വിധി പ്രസ്താവിച്ചിട്ടുള്ള കേസുകളിൽ കോടതി ഉത്തരവ് നടപ്പിലാക്കിയിട്ടുള്ളതും ചില ഉത്തരവുകൾക്കെതിരെ കക്ഷികൾ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതുമാണ്. മൂന്നാറിലെ കയ്യേറ്റക്കാരുടെ പേരുവിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കയ്യേറ്റക്കാരുടെ പേരുവിവരങ്ങൾ ലഭ്യമാക്കുവാൻ കഴിയില്ലാത്തതാണ്. |
| (ബി) | എന്ത് അടിസ്ഥാനത്തിലാണ് ഇവർ കയ്യേറ്റക്കാരാണെന്ന് കണ്ടെത്തിയതെന്ന് വെളിപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ